മലയാള മനോരമ

സംസ്ഥാന സ്കൂൾ കലോത്സവം 2017

ഈ കൂടാരത്തിൽ ഞാനും

സി.വി.ബാലകൃഷ്ണൻ

ജീവിതത്തിലെ വിസ്മയങ്ങളെല്ലാം ബാല്യത്തിലേ ആദ്യം കാട്ടിത്തന്നതു കണ്ണൂരായിരുന്നു. ഇന്നത്തെ പൊലീസ് ഗ്രൗണ്ടിൽ കെട്ടിയുയർത്തിയ വലിയ കൂടാരത്തിലേക്കു നടന്നു ചെന്നത് അമ്പരപ്പോടെയായിരുന്നു. വേറൊരു ലോകത്തെത്തിയതു പോലെ. മറ്റൊരു ലോകത്തിന്റെ കാഴ്ചകൾ, ശബ്ദങ്ങൾ; അന്നേവരെ കണ്ടിട്ടില്ല, കേട്ടിട്ടുമില്ല. അഭ്യാസികൾ ഓരോരുത്തരും എന്നെ എത്രമാത്രം അദ്ഭുതപ്പെടുത്തിയെന്നു പറയാനാവില്ല. മനുഷ്യരും മൃഗങ്ങളും ശരീരം കൊണ്ട് ഇത്രയേറെ വിസ്മയിപ്പിക്കുമെന്നു മുൻപെങ്ങും ധരിച്ചിരുന്നില്ല. എല്ലാവരും ചേർന്നൊരു വിസ്മയക്കാഴ്ചയായി, വിചിത്രമായ അനുഭവമായി അതു മനസ്സിലുണ്ട്. കലോത്സവ വിസ്മയക്കാഴ്ചകൾ കാണാൻ ഇന്നു ഞാനുമെത്തും, കലയുടെ സർക്കസ് കൂടാരത്തിൽ.

കണ്ണോരം

കലോൽസവം സമഗ്രചിത്രം
- www.manoramaonline.com/kalolsavam

ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ ഒന്നാം സ്ഥാനം നേടിയ കോഴിക്കോട് സിൽവർ ഹിൽസ് എച്ച്എസ്എസ്.

കേരളമണ്ണിൽ ആദ്യ സർക്കസ് തമ്പ് ഉയർന്നത് കണ്ണൂരിലെ തലശേരിയിൽ. അതേ നാട്ടിൽ കൗമാരകലയുടെ കൂടാരത്തിൽ കേരളമെങ്ങുമുള്ള കുട്ടികൾ. വരുവിൻ, കാണുവിൻ, ആഹ്ളാദിപ്പിൻ...

‘കണ്ണോരം’ പേജിനും കലോത്സവത്തിനും ആശംസയേകി ഗാനരചയിതാവ് അനിൽ പനച്ചൂരാൻ മനോരമയ്ക്കായി എഴുതിയ കവിത.

കലയുടെ കൗമാരാരവമുണർന്നു
കണ്ണൂരിൻ കണ്ണോരത്ത്
വരുമൊരു നാളിൻ പ്രതിഭകൾ തമ്മിൽ
കലരും സർഗാരാമമിതിൽ, നിന്നുണരട്ടെ
പുതിയ വിഭാത വിചാര തരംഗാവലികൾ
തിരയടിയായി, തുടിയൊലിയായി
തുടരട്ടെ, അതു തുടരട്ടെ.

നാളത്തെ വരികൾ നിങ്ങളുടേത്!

നാളെ ഈ താളിൽ കവിത കുറിക്കാനുള്ള അവസരം വായനക്കാർക്കാണ്.
കണ്ണോരവും കലോത്സവവുമായി ബന്ധപ്പെട്ട എട്ടു വരി കവിത അയയ്ക്കാം.
ഇന്ന് വൈകിട്ട് നാലു മണിക്കകം കവിതകൾ അയക്കണം.
ഇ മെയിൽ വിലാസം: yuva@mm.co.in
മനോരമ പത്രാധിപസമിതി തിരഞ്ഞെടുക്കുന്ന മികച്ച കവിത പ്രസിദ്ധീകരിക്കും.
ഫോൺനമ്പറും മെയിലിൽ ചേർക്കണം.

കണ്ണൂരിന്റെ തമ്പിൽ

ദ് ഗ്രേറ്റ് കേരള ആർട്ട്

സൂര്യ കലോൽസവ നഗരിയിൽ സൈക്കിളിൽ

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ കുച്ചിപ്പുഡിയിൽ ഒന്നാം സ്ഥാനം നേടിയ പേഴാട് സെന്റ് സേവ്യേഴ്സ് എച്ച്എസ്എസിലെ മാളവിക എസ്.ഗോപൻ.

നാടോടിനൃത്ത വേദിയിൽ, സൈക്കിൾ സർക്കസ്!

കസ്തൂരിയെന്ന സർക്കസുകാരിയിലൂടെ സർക്കസ് ഉപജീവനമാക്കിയവരുടെ കണ്ണീരും കിനാവുമെല്ലാം പങ്കിടുകയായിരുന്നു നാടോടി നൃത്ത വേദിയിൽ ബി.സൂര്യ. ആലത്തൂർ ബിഎസ്എസ് ഗുരുകുലത്തിലെ പ്ലസ്‌വൺ വിദ്യാർഥിനിയായ സൂര്യ പലവർണങ്ങൾ വാരിപ്പൂശിയ സൈക്കിളുമായി വേദിയിലെത്തി കയ്യടിയലകളുയർത്തി. വിഷ്ണുലോകം എന്ന ചിത്രത്തിലെ ‘കസ്തൂരി എന്റെ കസ്തൂരി..’ എന്ന പാട്ടിന്റെ ചുവടുപിടിച്ചാണ് സൂര്യ സർക്കസ് തമ്പിനുള്ളിലെ ജീവിതം നൃത്തമായി ചിട്ടപ്പെടുത്തിയത്. മംഗലംഡാം സ്വദേശികളായ ബാലസുബ്രഹ്മണ്യന്റെയും രാധികയുടെയും മകളാണു സൂര്യ.

വിജിലൻസിന്റെ നെറ്റിൽ

കണ്ണൂർ ● കലോത്സവത്തിൽ ഇക്കുറി ഏർപ്പെടുത്തിയ വിജിലൻസ് നിരീക്ഷണത്തിൽ ലഭിച്ചത് അട്ടിമറിനീക്കങ്ങളുടെ ഒട്ടേറെ വിവരങ്ങൾ. പക്ഷേ, കൃത്യമായ തെളിവുകൾ ലഭിക്കാത്തതിനാൽ കേസുകളൊന്നും റജിസ്റ്റർ ചെയ്തിട്ടില്ല.

സമ്മാനങ്ങൾ അട്ടിമറിക്കുന്ന സംഘം ഇത്തവണയും സജീവമാണ്. വിധിനിർണയത്തിനെത്തുന്നവരുടെ മേലധികാരികളും ഗുരുക്കന്മാരുമൊക്കെ വേദിയിൽ കുട്ടികളുടെ പിന്നണിയിലെത്തുന്നെന്നും വേഷവിധാനങ്ങളിലൂടെ കുട്ടികളെ തിരിച്ചറിയുന്ന സംവിധാനങ്ങളുണ്ടെന്നും വിജിലൻസിനു വിവരം ലഭിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി കേരളനടനം വിധിനിർണയത്തിൽ അപാകത കാണിച്ചു ചിലർ മുഖ്യമന്ത്രിക്കു പരാതി നൽകി. ഗുരുവിനോടുള്ള വ്യക്തിവിരോധം മൂലം ബി ഗ്രേഡ് ആണ് അനുവദിച്ചതെന്നാണു പരാതി. ഓട്ടൻതുള്ളലിൽ വിവിധ വിഭാഗങ്ങളിൽ സമ്മാനം നേടിയവർ വിധികർത്താക്കളുടെ മേലധികാരിയുടെ ശിഷ്യന്മാരാണെന്ന പരാതിയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു ലഭിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി കുച്ചിപ്പുടി ഫലത്തിനെതിരെ 12 പേരാണു ഹയർ അപ്പീൽ നൽകിയത്. മുൻവർഷങ്ങളിൽ കോഴ വിവാദത്തിൽപ്പെട്ട യുവ അധ്യാപകനെതിരെയാണ് ഇത്തവണയും പരാതി. സമ്മാനം നേടിക്കൊടുക്കാൻ ഒരു ലക്ഷം രൂപയാണു വാഗ്ദാനം ചെയ്തതെന്ന് ഒരു പരിശീലകൻ വെളിപ്പെടുത്തി.



ട്രംപീസ്!

ഇന്നലെയായിരുന്നു യുഎസിൽ ഡോണൾഡ് ട്രംപിന്റെ ‘വൈറ്റ്ഹൗസ് വാമിങ്’. ട്രംപിന്റെ സ്ഥാനലബ്ദി അങ്ങ് അമേരിക്കയിലെങ്കിലും കണ്ണൂർ കലോത്സവത്തമ്പിൽ ഹൈസ്കൂൾ വിഭാഗം മോണോആക്ടിൽ ഒന്നാമതെത്തിയ അൽ ഐന ജാസ്മിൻ സെയ്ദിന് ആ ഭാവപ്രകടനങ്ങളും വഴങ്ങും. തിരുവനന്തപുരം മാറനല്ലൂർ ഡിവിഎംഎൻഎൻ എംഎച്ച്എസ്എസിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനിയാണ്. സെയ്ദ് സബർമതിയുടെ മകൾ.

സ്കൂളിൽ ഉണ്ണിമായ; റിങ്ങിൽ മേരികോം

ഉണ്ണിമായ മോണോ ആക്ട് വേദിയിൽ എത്തിയതും പൊടുന്നനെ ഒരു ബോക്സിങ് റിങ് തെളിഞ്ഞുവന്നു. ബോക്സിങ് മെഡൽ ലക്ഷ്യമിട്ടു വാശിയോടെ മുന്നേറിയ മേരി കോമിന്റെ ഉശിരൻജീവിതം അവതരിപ്പിച്ചാണ് കോഴിക്കോട് സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ എച്ച്എസ്എസിലെ വിദ്യാർഥിനി ഉണ്ണിമായ പുല്ലങ്കോട്ടില്ലം എച്ച്എസ്എസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത്. വേദിയിൽ വേഷം കൊണ്ടു തന്നെ ഉണ്ണിമായ ശ്രദ്ധിക്കപ്പെട്ടു; കറുത്ത ടീഷർട്ട്, അയഞ്ഞ പാന്റ്സ്, ബൂട്ട്, പിന്നിലേക്കു വലിച്ചുകെട്ടിയ മുടി, ദൃഢ ഭാവം. ഇന്നു നങ്ങ്യാർകൂത്തിലും ഉണ്ണിമായ മാറ്റുരയ്ക്കും.

ഉണ്ണിമായ

സ്കൈജംപ്

ഹൈസ്കൂൾ പരിചമുട്ടുകളിയിൽ ഒന്നാം നേടിയ പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം എച്ച്എസ്എസ് സംഘം.

യാമിനിക്ക് മാസ്റ്റർ ബോസ്

ബിനാലെ കാണുകയെന്ന യാമിനിയുടെ സ്വപ്നം ഇനി ദൂരെയല്ല. കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷന്റെ അതിഥിയായി കലോത്സവത്തിലെ ഈ ‘വരക്കുട്ടി’ ബിനാലെ കാണാൻ കൊച്ചിയിലെത്തും. ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റും കലാവിന്യാസകനുമായ ബോസ് കൃഷ്ണമാചാരിയാണ് ഓയിൽ പെയിന്റിങ്ങിനും ജലച്ചായചിത്രരചനയ്ക്കും ഒന്നാം സ്ഥാനം നേടിയ യാമിനിയെ ബിനാലെയിലേക്കു ക്ഷണിച്ചത്. വരയുടെ ലോകത്തു യാമനി ഏറെ ദൂരം സഞ്ചരിക്കുമെന്നു യാമിനിയുടെ ചിത്രങ്ങൾക്ക് ബോസ് അടിക്കുറിപ്പ് എഴുതി.

വലിയ കലാകാരനെ കാണാനായതിന്റെ സന്തോഷത്തിലായിരുന്നു യാമിനി. ‘അദ്ദേഹം വരയുടെ ലാളിത്യത്തെപ്പറ്റിയും നിറസങ്കലനത്തെപ്പറ്റിയും പറഞ്ഞുതന്നു’

തലശ്ശേരി സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥിനിയാണ്. മാഹി പന്തയ്ക്കൽ കിഴക്കെ കുന്നുമ്മൽ പി.കെ.സുജന്റെയും കെ.രൂപശ്രീയുടെയും മകളാണ്.

കലാവിന്യാസകൻ ബോസ് കൃഷ്ണമാചാരിക്കൊപ്പം യാമിനി

ഇതു നല്ല കൂത്ത്

അപ്പീൽ അയ്യായിരം കടന്നു



...വേദിയിൽ ‘അപ്പീൽമാർഗംകളി’ ചെസ്റ്റ്നമ്പർ 5001

മലയാള മനോരമ-എയ്റോസിസ് പ്രതിഭാ പുരസ്കാരം

ശ്രീനന്ദനയ്ക്കും അനഘയ്ക്കും അജയ്‌രാജിനും

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അസാധാരണമികവു പുലർത്തുന്ന കുട്ടികൾക്കായി മലയാള മനോരമ കണ്ണൂർ എയ്റോസിസ് കോളജ് ഓഫ് ഏവിയേഷൻ ആൻഡ് മാനേജ്മെന്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ നൽകുന്ന പ്രതിഭാപുരസ്കാരത്തിനു മൂന്നുപേർ കൂടി അർഹരായി.

ആലപ്പുഴ അരൂർ ഔവർ ലേഡി ഓഫ് മേഴ്സി സ്കൂളിലെ എസ്. ശ്രീനന്ദന, തിരുവനന്തപുരം നേമം

AIROCIS COLLEGE
OF AVIATION & MANAGEMENT STUDIES

വിക്ടറി സ്കൂളിലെ അനഘ ശശി, മലപ്പുറം വണ്ടൂർ ജിവിഎംസി ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥി അജയ്‌രാജ് എന്നിവർക്കാണ് ഒരു പവൻ വീതമുള്ള പുരസ്കാരം. അമ്മയുടെ വിധവാപെൻഷൻ കൊണ്ടു ജീവിക്കുന്നതിനൊപ്പം നൃത്തപഠനവും മുന്നോട്ടുകൊണ്ടുപോകുന്ന ശ്രീനന്ദന ഭരതനാട്യത്തിൽ എ ഗ്രേഡ് നേടി. അച്ഛന്റെ മരണവും സാമ്പത്തിക പ്രതിസന്ധിയും അതിജീവിച്ച് വേദിയിലെത്തി ഗസലിൽ എ ഗ്രേഡ് നേടി അനഘ. സ്കൂൾ അധികൃതരുടെയും കൂട്ടുകാരുടെയും സഹായത്തോടെ നാടോടിനൃത്തത്തിനെത്തിയ അജയ്‌രാജും എ ഗ്രേഡ് നേടി.

വര തെളിയുമ്പോൾ

കലോത്സവത്തിൽ ചിത്രരചനയിൽ എ ഗ്രേഡ് നേടിയ ജിക്കിയുടെ സ്വപ്നത്തിനു കൂട്ടായി കോതമംഗലം എൽദോ മാർ ബസേലിയസ് കോളജ്. ബിഎ അനിമേഷൻ സൗജന്യപഠനം അനുവദിക്കുമെന്നു കോളജ് ചെയർമാൻ ബേബി എം.വർഗീസ് അറിയിച്ചു. പ്ലസ് ടു പഠനത്തിന് പ്രതിവർഷം 5000 രൂപ സ്കോളർഷിപ് നൽകും.

കൊല്ലം പൂയപ്പള്ളി ഗവ. ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർഥിയായ ജിക്കിയുടെ പിതാവ് സാമുവൽ വർക്ഷോപ് ജീവനക്കാരനാണ്. ജിക്കിയെക്കുറിച്ച് ‘മനോരമ’യിൽ വായിച്ചറിഞ്ഞാണ് സഹായവാഗ്ദാനം.

എഴുത്ത്: **മഹേഷ് ഗുപ്തൻ, സന്തോഷ് ജോൺ തൂവൽ, ഗായത്രി ജയരാജ്, കെ.പി.സഫീന, ശരത് വംശ, എം.എ.അനൂജ്, റൂബിൻ ജോസഫ്, ടി.ബി.ലാൽ, മുസ്തഫ കൂടല്ലൂർ, സന്ദീപ് ചന്ദ്രൻ, സാബു ടി.ജോൺ**

ചിത്രങ്ങൾ: **രാജൻ എം.തോമസ്, ജോസ്കുട്ടി പനയ്ക്കൽ, റസൽ ഷാഹുൽ, അരുൺ ജോൺ, സജീഷ് ശങ്കർ, റിങ്കുരാജ് മട്ടാഞ്ചേരിയിൽ, ധനേഷ് അശോകൻ, ഫഹദ് മുനീർ, എം.ടി.വിധുരാജ്, അരവിന്ദ് വേണുഗോപാൽ, ജിബിൻ ചെമ്പോല**